(ബി) കാലാകാലങ്ങളിൽ അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിലെത്തി ഗവൺമെന്റ് അംഗീകാരത്തോടുകൂടി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ നടപ്പിലാക്കിവരുന്ന ദീർഘകാല കരാറുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് കൺവെയൻസ് അലവൻസ് ഉൾപ്പെടെയുള്ള അലവൻസുകളിൽ വർദ്ധനവ് വരുത്തുന്നത്. ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന കൺവെയൻസ് അലവൻസ് അപര്യാപ്തമാണെന്ന പരാതി നിലവിൽ വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെയോ സർക്കാരിന്റെയോ പരിഗണനയിൽ വന്നിട്ടില്ല.

(സി) ഇല്ല. സ്വകാര്യ വാഹനങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന് ആലേഖനം ചെയ്ത ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദം നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ഇ.ബി.പെൻഷൻ ഫണ്ട് രൂപീകരണം

10 (2211) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ടിൽ നാളിതുവരെ സർക്കാർ വിഹിതമായും കമ്പനി വിഹിതമായും എത്ര തുക നിക്ഷേപിച്ചിട്ടുണ്ട്;

(ബി) മുൻകാലങ്ങളിൽ വൈദ്യുതി ബോർഡിൽ നിലനിന്നിരുന്ന പെൻഷൻ രീതി പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി പ്രകാരം രൂപീകരിക്കേണ്ട പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള മാസ്റ്റർ ട്രസ്റ്റ് 12-2-2015-ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 31-10-2013 വരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സർവ്വീസിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ നിറവേറ്റുന്നതിന് 12,419 കോടി രൂപ ആവശ്യമാണെന്നാണ് ആക്ച്യൂറിയൽ വാല്യുവേഷൻ പ്രകാരം തിട്ടപ്പെടുത്തിയിട്ടുള്ളത്. 28-1-2015-ലെ സർക്കാർ ഉത്തരവനുസരിച്ച് മേൽ തുകയിൽ 5,861 കോടി രൂപ കേരള സർക്കാർ വിഹിതമായിരിക്കുന്നതും ആയത് 31-10-2013 മുതലുള്ള 10 വർഷം കെ.എസ്.ഇ.ബി. ലിമിറ്റഡ് കേരള സർക്കാരിന് നൽകേണ്ടതായ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ തട്ടിക്കിഴിക്കുന്നതുമാണ്. കൂടാതെ 1-4-2008 മുതൽ 31-3-2012 വരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിറ്റി ഡ്യൂട്ടിയായ 1522.53 കോടി രൂപ പെൻഷൻ ഫണ്ടിനായി വിനിയോഗിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ കൈമാറ്റ പദ്ധതി പ്രകാരം 524 കോടി രൂപ ബഡ്ജറ്ററി അലോക്കേഷൻമൂലം പത്ത് വാർഷിക ഗഡുക്കളായി കേരള സർക്കാർ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുമെന്ന് ഉത്തരവായിട്ടുള്ളതും അതിൽ 119.80 കോടി രൂപ സർക്കാർ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകിയിട്ടുള്ളതുമാണ്. പെൻഷൻ ഫണ്ടിന്റെ ബാധ്യത നിറവേറ്റുന്നതിലേയ്ക്കായി 11,895 കോടി രൂപയുള്ള രണ്ട് കടപ്പത്രങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് മാസ്റ്റർ ട്രസ്റ്റിന് നൽകുന്നതിനായുള്ള നടപടികളെടുത്തു വരുന്നു.

(ബി) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിലെ 131 (2)-ാം വകുപ്പ പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് മുൻ കെ.എസ്.ഇ.ബി.യുടെ ആസ്തി-ബാദ്ധ്യതകൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കിക്കൊണ്ട് സർക്കാർ, കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൈമാറ്റ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതും സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും ജീവനക്കാരും ഏർപ്പെട്ട ത്രികക്ഷി കരാറിൽ അംഗീകരിക്കപ്പെട്ടതുമായ മാസ്റ്റർ ട്രസ്റ്റ് മുഖേനയുള്ള പെൻഷൻ രീതി മാത്രമെ നിയമപരമായി നടപ്പിലാക്കാൻ കഴിയൂ.

കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം

11 (2212) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ.മുരളീധരൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള പവർ ഇമ്പ്രൂവ്മെന്റ് സ്കീം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly